IT LAB ON Vol-II
06-02-14

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4943** 06.02.2014- ലെ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ

**ചോദ്യം**

ഡോ. ടി.എം. തോമസ് ഐസക്:
പ്രൊഫ. സി. രവീന്ദ്രനാഥ്:
ശ്രീ. എ. പ്രദീപ്കുമാർ:
" റ്റി.വി. രാജേഷ്:

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേരളത്തിന്റെ യാഥാർത്ഥ്യങ്ങളുമായി ഒരു തരത്തിലും പൊരുത്തപ്പെടുന്നതല്ലായെന്നുള്ള കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ;

(എ) സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രതികൂലമായ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടോ;

(ബി) ഇതിന് വേണ്ടി നിയോഗിച്ച പ്ലാനിംഗ് കമ്മീഷൻ അംഗമായ ബി. കെ. ചതുർവേദി കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) ഇതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം കേരളത്തിന് ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മാനദണ്ഡങ്ങൾ കേരളത്തിന്റെ കൂടി സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റം വരുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) & (ഡി) പൂർണ്ണ പ്രയോജനം ലഭ്യമാകുന്നതിന് പദ്ധതികളുടെ മാനദണ്ഡങ്ങൾ പ്രതിബന്ധമാകാറുണ്ട്. അതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന് അനുയോജ്യമായ വ്യവസ്ഥകളോടെ നടപ്പിലാക്കുന്നതിന് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോടും ആസൂത്രണ കമ്മീഷനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ മുഖ്യമന്ത്രിക്ക് പ്രധാനമന്ത്രിയിൽ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ ആയത് നടപ്പിൽ വരുത്തുകയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ഇ) പ്രധാനമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ